ഉത്തരം

(എ) അറസ്റ്റു ചെയ്ത പ്രതികളെ മോചിപ്പിച്ചു കൊണ്ടുപോയ 10 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് 10 കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സിവിൽ പോലീസ് സംവിധാനം

12 (5918) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സിവിൽ പോലീസ് രൂപീകരണം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പോലീസ് സേനയിൽ ഈ സംവിധാനം ഏർപ്പെടുത്തുമ്പോൾ രൂപപ്പെടുന്ന സീനിയോറിറ്റി പ്രശ്നം എപ്രകാരം പരിഹരിക്കുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സംവിധാനം പോലീസ് സേനയിൽ എന്നു മുതൽ നടപ്പാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി & സി) ഇത് സംബന്ധിച്ച് പഠനം നടത്താൻ AIG തലവനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ജോലികൾ നടന്നുവരുന്നു.

മൂന്നാംമുറയ്ക്കു പകരമായി ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ

13 (5919) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ ഇപ്പോഴും നടക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനു പകരം ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(സി) രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൽ ശേഖരിക്കുന്ന പരിശോധനാ സാമ്പിളുകളിൽ വളരെ കുറച്ചു മാത്രമാണ് ലാബുകളിൽ എത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനു പരിഹാര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുറ്റകൃത്യങ്ങളിൽ ശാസ്ത്രീയ കുറ്റാന്വേഷണ രീതിയാണ് നടപ്പാക്കിവരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) രജിസ്റ്റർ ചെയ്യപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേക്ക് ഒരു സൈബർ പോലീസ് സ്റ്റേഷന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ജില്ലാ/സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഡി.എൻ.എ. ലാബ്, സൈബർ ഫോറൻസിക് വിഭാഗം എന്നിവ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഫോറൻസിക് സയൻസ് ലാബിൽ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും കണ്ണൂരും, തൃശ്ശൂരും ഓരോ റീജിയണൽ ലാബുകൾ സ്ഥാപിക്കുകയും 24 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഫിംഗർ പ്രിന്റ് ബ്യൂറോ ആസ്ഥാനത്ത് ഒരു വിരലടയാള വിശകലന സംവിധാനം ഏർപ്പെടുത്തുകയും ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ അന്വേഷണത്തിന് സഹായകമാകുന്ന ഉപകരണങ്ങളടങ്ങുന്ന ഇൻവെസ്റ്റിഗേഷൻ കിറ്റ് എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും വിതരണം ചെയ്തിട്ടുണ്ട്. ആയവ കുറ്റാന്വേഷണത്തിനായി ഉപയോഗിച്ചുവരുന്നുണ്ട്.

ഫോറൻസിക് ലാബുകളുടെ കുറവ് നികത്താൻ നടപടി

14 (5920) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറൻസിക് ലാബുകളുടെ അപര്യാപ്തതമൂലം കുറ്റകൃത്യങ്ങളിൽ തീർപ്പുകൽപ്പിക്കുന്നത് വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇതു പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly